# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1038 07.02.2013-ൽ മറുപടിയ്ക്ക്

## ടൂറിസം മേഖല നേരിടുന്ന വെല്ലുവിളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്.സലീഖ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) നിലവിൽ ടൂറിസം മേഖല പുതിയ വെല്ലുവിളികൾ നേരിടുന്നതായി കരുതുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ടൂറിസം മേഖലയിൽ കർണ്ണാടക, രാജസ്ഥാൻ, ജമ്മു കാശ്മീർ, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും കേരള ടൂറിസത്തിന് ഇപ്പോൾ നേരിയ തോതിലുള്ള മത്സരം അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. ഇതിനെ പ്രതിരോധിക്കുന്നതിനായി വകുപ്പ് രാജ്യത്തിനകത്തുള്ള വിവിധ നഗരങ്ങളിൽ സംസ്ഥാനത്തെ ടൂറിസം സംരംഭകരുമായി ചേർന്ന് വർക്ക് ഷോപ്പുകളും, റോഡ് ഷോകളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ പ്രധാനപ്പെട്ട ടൂറിസം ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും പ്രധാന പത്ര, ദൃശ്യ, ഡിജിറ്റൽ മാധ്യമങ്ങളിലൂടെ പരസ്യ പ്രചാരണ പരിപാടികൾ നടത്തി വരികയും ചെയ്തു വരുന്നുണ്ട്. |
| (ബി) യൂറോപ്പിലെ സാമ്പത്തികമാന്ദ്യം സംസ്ഥാനത്തെ ടൂറിസം മേഖലയെ സാരമായി ബാധിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) 2011, 2012 വർഷങ്ങളിൽ വിദേശ വിനോദ സഞ്ചാരികളുടെ വരവു സംബന്ധിച്ച് ലഭ്യമായ കണക്കുകൾ പ്രകാരം, യൂറോപ്പിലുണ്ടായ സാമ്പത്തിക മാന്ദ്യം കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ വരവിനെ സാരമായി ബാധിച്ചതായി കാണുന്നില്ല. |

(സി) 2011 നെ അപേക്ഷിച്ച് 2012 ൽ വിദേശ ടൂറിസ്റ്റുകളുടെ വരവിൽ ഗണ്യമായ കുറവുണ്ടായതായി കരുതുന്നുണ്ടോ ;

(സി) ഇല്ല.

(ഡി) 2011 ലും 2012 ലും വിദേശികളും ആഭ്യന്തര ടൂറിസ്റ്റുകളുമായി എത്ര പേർ സംസ്ഥാനം സന്ദർശിച്ചുവെന്ന് വിദേശികൾ, ആഭ്യന്തര ടൂറിസ്റ്റുകൾ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ; ആയതു വഴി എത്ര തുകയുടെ വരുമാനം ലഭിച്ചു ;

(ഡി) 2011-ലും 2012-ലും കേരളം സന്ദർശിച്ച വിദേശ, തദ്ദേശ, വിനോദ സഞ്ചാരികളുടെ എണ്ണവും അതിൽ നിന്നുള്ള വരുമാനവും ചുവടെ ചേർക്കുന്നു.

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | തദ്ദേശ വിനോദ സഞ്ചാരികൾ | ആകെ വരുമാനം (കോടിയിൽ) |
|---|---|---|---|
| 2011 | 7,32,985 | 93,81,455 | 19,037.00 |
| 2012 | 7,89,698 | 1,00,76,854 | 21,125.00 |

(ഇ) ഇപ്പോഴുള്ള സുരക്ഷിതത്വ ഭീഷണി, പരിസര മലിനീകരണം, സഞ്ചാരി സൗഹൃദമല്ലാത്ത നിയമ വ്യവസ്ഥകൾ തുടങ്ങിയവയെല്ലാം ടൂറിസത്തിന് ദോഷം ചെയ്യുന്നതായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് സുരക്ഷിതത്വ ഭീഷണികൾ നേരിടേണ്ടി വരുന്നില്ല. ടൂറിസ്റ്റുകളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിലേക്കായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കൂടുതൽ ടൂറിസം പോലീസിന്റെ സേവനം ലഭ്യമാക്കുന്നതിനും, ലൈഫ് ഗാർഡുകളുടെ സേവനം കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇപ്പോൾ പരിസര മലിനീകരണം ടൂറിസ്റ്റുകളിൽ ഉത്കണ്ഠയുളവാക്കുന്ന ഒരു സംഗതിയായി മാറിയിട്ടുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പു വരുത്തുന്നതിന് കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കോവളം,

കുമരകം, കുമ്പളങ്ങി തുടങ്ങിയ ടൂറിസ്റ്റു കേന്ദ്രങ്ങളിൽ സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തു വരുന്നുണ്ട്. കേരളത്തിൽ സഞ്ചാര സൗഹൃദമല്ലാത്ത നിയമവ്യവസ്ഥകൾ നിലനിൽക്കുന്നതായി കരുതുന്നില്ല. ടൂറിസ്റ്റുകൾക്ക് കൂടുതൽ സൗഹൃദപരമായ കാഴ്ചാനുഭവം ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുതിയ ടൂറിസം നയത്തിൽ വിവക്ഷിച്ചിട്ടുണ്ട്.

(എഫ്) ടൂറിസം രംഗത്തെ പരമ്പരാഗത വിപണിയായ യൂറോപ്പ് കൈവിടുന്ന സാഹചര്യത്തിൽ ഏഷ്യയിലും, ലാറ്റിൻ അമേരിക്കയിലുമൊക്ക പുതിയ വിപണികൾ കണ്ടെത്തി ടൂറിസത്തിന് നേട്ടം കൈവരിക്കാൻ സാധിക്കുമോ; വിശദമാക്കുമോ?

(എഫ്) 2011, 2012 വർഷങ്ങളിൽ വിദേശ വിനോദ സഞ്ചാരികളുടെ വരവു സംബന്ധിച്ച് ലഭ്യമായ കണക്കുകൾ പ്രകാരം, യൂറോപ്പിലുണ്ടായ സാമ്പത്തിക മാന്ദ്യം കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ വരവിനെ സാരമായി സ്വാധീനിച്ചതായി കാണുന്നില്ല. എങ്കിലും വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി വിവിധ ഗൾഫ് രാജ്യങ്ങൾ, മലേഷ്യ, സിംഗപ്പൂർ തുടങ്ങിയുള്ള രാജ്യങ്ങളിൽ വകുപ്പിന്റെ വിപണന പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി റിയാദ്, ദമാം, ജിദ്ദ തുടങ്ങിയ സൗദി അറേബ്യൻ നഗരങ്ങളിൽ വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുകയും, ഗൾഫ് മേഖലയിൽ പ്രചാരമുള്ള വിവിധ ദൃശ്യ, അച്ചടി മാധ്യമങ്ങളിലൂടെ

പരസ്യ പ്രചരണം, ഔട്ട് ഡോർ ഡിസ്പ്ലേ പ്രവർത്തനങ്ങൾ തുടങ്ങിയവയും ചെയ്തിട്ടുണ്ട്. കൂടാതെ ആസ്ട്രേലിയയിലെ വിവിധ നഗരങ്ങളിൽ സംസ്ഥാനത്തു നിന്നുള്ള സംരംഭകരുമായി ചേർന്ന് വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുകയും അച്ചടി, ഡിജിറ്റൽ, ദൃശ്യമാധ്യമങ്ങളിലൂടെ പരസ്യ പ്രചരണം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ